"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി. - കോവളം ബേക്കൽ ജലപാത വികസനം - വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് - കഠിനംകുളം പഞ്ചായത്ത് - 112 വീടുകളുടെ മൂല്യനിർണ്ണയം - തുകയ്ക്ക് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2024/CSIND തീയതി,തിരുവനന്തപുരം, 24-08-2024

---

പരാമർശം:-
1. സ.ഉ.(സാധാ.)നം.23/2022/സി.എസ്.ഐ.എൻ.ഡി, തീയതി 24/11/2022.
2. സ.ഉ.(സാധാ.)നം.4/2023/സി.എസ്.ഐ.എൻ.ഡി, തീയതി 16/02/2023.
3. ബഹു.മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 31/05/2023-ന് ചേർന്ന അവലോകന യോഗത്തിന്റെ നടപടികുറിപ്പ്.
4. സ.ഉ.(സാധാ.)നം.36/2023/സി.എസ്.ഐ.എൻ.ഡി, തീയതി 28/11/2023.
5. കിൽ ചീഫ് എഞ്ചിനീയറുടെ 29/11/2023 ലെ CE/KWIL/100/2023 നമ്പർ നടപടിക്രമം.
6. കിൽ മാനേജിംഗ് ഡയറക്ടറുടെ 07/12/2023-ലെ KWIL/WCC/ REHAB/100/ 2022-23 നമ്പർ കത്ത്.

**ഉത്തരവ്**

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് ഏകദേശം 1275 കുടുംബങ്ങളെ കനാൽ പുറമ്പോക്കിൽ നിന്നും പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" - നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം വ്യവസ്ഥകളോടെ അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പാക്കേജ് പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പുനരധിവാസ പാക്കേജിന് അർഹരായ 73 കുടുംബങ്ങളുടെ കെട്ടിടങ്ങളുടെ മൂല്യനിർണ്ണയ തുകയായ രൂപ 3,51,08,477/- (മൂന്ന് കോടി അൻപത്തൊന്ന ലക്ഷത്തി എണ്ണായിരത്തി നാനൂറ്റി എഴുപത്തി ഏഴ് രൂപ) -യ്ക്ക് അംഗീകാരം നല്കി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 112 വീടുകളുടെ മൂല്യ നിർണ്ണയം കൂടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെ അംഗീകൃത ഏജൻസിയായ M/Sസമാറ കൺസൾട്ടന്റ്സ് & ഡെവലപ്പേഴ്സ് കൊച്ചിൻ എന്ന സ്ഥാപനം മുഖേന പൂർത്തീകരിച്ചിട്ടുള്ളതായും, 112 വീടുകൾക്കായി ആകെ 9,16,52,406/- രൂപ (ഒൻപത് കോടി പതിനാറു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി നാനൂറ്റിയാറ് രൂപ) കണക്കാക്കിയിട്ടുള്ള മൂല്യനിർണ്ണയ റിപ്പോർട്ടിന് കിൽ ചീഫ് എഞ്ചിനീയറുടെ പരാമർശം (5)-ലെ നടപടിക്രമം പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതായും, പ്രസ്തുത മൂല്യനിർണ്ണയ തുകയ്ക്ക് സർക്കാർ അംഗീകാരം നൽകണമെന്നും കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി., മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി പുനരധിവസിപ്പിക്കേണ്ടി വരുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള കുടുംബങ്ങളുടെ 112 വീടുകളുടെ മൂല്യനിർണ്ണയ തുകയായ രൂപ 9,16,52,406/- (ഒൻപത് കോടി പതിനാറു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി നാനൂറ്റിയാറ് രൂപ) അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി.ഒ., കൊല്ലം.
മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, കിയൽ, കൊച്ചി എയർപോർട്ട് പി.ഒ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (21/08/2024-ലെ ഇനം. നം. 2346).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ്.
ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് (INFRA7/1/2024-Fin, തീയതി 24/01/2024).
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/196/2023/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 24-08-2024 14:27:02

<u>പകർപ്പ്</u> :-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

സ.ഉ.(കൈ) നം.4/2024/CSIND തീയതി, 24-08-2024 പ്രകാരമുള്ള ലിസ്റ്റ്.

| Sl. No. | Property/ owner code | Owner's Name | Valuation amount of Property (in Rs.) | Remarks |
|---|---|---|---|---|
| 1. | T8-005 | സുധർമ്മ | 9,36,956.00 | |
| 2. | T8-006 | അമ്പിളി എൽ. | 8,81,377.00 | |
| 3. | T8-007 | റോസ് മേരി | 2,3 7,029.00 | |
| 4. | T8-008 | മരിയ ബൻസി | 3,23,438.00 | |
| 5. | T8-009 | ത്രേസ്യമ്മ | 10,07,905.00 | |
| 6. | T8-010 | തങ്കമണി | 9,09,621.00 | |
| 7. | T8-011 | മേരി മുത്തപ്പൻ | 8,34,190.00 | |
| 8. | T8-012 | ശിവൻകുട്ടി | 3,08,455.00 | |
| 9. | T8-013 | ജസ്റ്റിൻ മേരി ആർ. | 10,60,391.00 | |
| 10. | T8-014 | പൂജ ബാലചന്ദ്രൻ / ഷിഫാ മെഹറിൻ | 6,44,752.00 | Name Changed |
| 11. | T8-015 | സ്റ്റെല്ല | 11,02,549.00 | |
| 12. | T8-016 | ബേബി ജോൺ | 12,19,972.00 | |
| 13. | T8-017 | വിക്ടോറിയ | 9,06,780.00 | |
| 14. | T8-018 | വത്സല കുമാരി | 4,42,653.00 | |
| 15. | T8-019 | ഡാളി | 3,67,467.00 | |
| 16. | T8-020 | ജെയിൻ ഗബ്രിയേൽ | 13,28,619.00 | |
| 17. | T8-021 | സരള റ്റി. | 8,27,292.00 | |
| 18. | T8-022 | ശോഭനകുമാരി | 6,11,280.00 | |
| 19. | T8-023 | ജയാ ജോസ് | 11,53,933.00 | |

| | | | | |
|---|---|---|---|---|
| 20. | T8-024 | ക്രിസ്റ്റിൻ അമ്മ | 65,659.00 | |
| 21. | T8-025 | ശാന്ത | 6,76,279.00 | |
| 22. | T8-026 | അന്തോണി അമ്മ | 9,61,809.00 | |
| 23. | T8-027 | ആന്റണി | 10,45,400.00 | |
| 24. | T8-028 | മര്യ ഗ്ലോറി | 11,26,662.00 | |
| 25. | T8-029 | ക്ലമൻസി | 9,75,736.00 | |
| 26. | T8-030 | ജാൻസി എഫ് | 2,14,674.00 | |
| 27. | T8-031 | സുനിത മേരി | 1,86,054.00 | |
| 28. | T8-032 | മഹേശ്വരി | 3,20,879.00 | |
| 29. | T8-033 | ലെജ്ജ എസ്. | 2,20,579.00 | |
| 30. | T8-034 | മേരി | 2,54,545.00 | |
| 31. | T8-035 | സുനിത സജികുമാർ | 2,38,295.00 | |
| 32. | T8-036 | ക്ലാര ജെമിലി | 2,70,429.00 | |
| 33. | T8-037 | ബേബി | 2,36,497.00 | |
| 34. | T8-038 | വസന്ത സി. | 9,91,426.00 | |
| 35. | T8-039 | ബിന്ദു കെ. | 1,40,992.00 | |
| 36. | T8-040 | സജിത പി. | 7,65,279.00 | Owner Dispute |
| 37. | T8-041 | മേരി റീജ | 1,40,388.00 | |
| 38. | T8-042 | റീത്താമ്മ | 7,34,540.00 | |
| 39. | T8-043 | അഗസ്റ്റിൻ പെരേര | 2,08,991.00 | |
| 40. | T8-044 | പുഷ്പറാണി | 1,58,974.00 | |
| 41. | T8-045 | മരിയ റോസ് | 3,60,239.00 | |
| 42. | T8-046 | സജീറ എൻ. | 2,04,595.00 | |
| 43. | T8-047 | ഇബ്രാഹിം | 1,33,133.00 | |
| 44. | T8-048 | ഷീജ സുധീർ | 8,92,778.00 | |

| | | | | |
|---|---|---|---|---|
| 45. | T8-049 | ശാന്തിനി | 12,20,584.00 | |
| 46. | T8-050 | സഹായറാണി | 11,00,405.00 | |
| 47. | T8-051 | വത്സല എസ്. | 11,07,903.00 | |
| 48. | T8-053 | ശാന്തി ആർ. | 1,40,859.00 | |
| 49. | T8-054 | സൽമി | 2,60,839.00 | |
| 50. | T8-055 | സമൂനത്ത് | 3,57,043.00 | |
| 51. | T8-075 | ഫ്രാൻസിസ് ഡി. | 13,77,763.00 | |
| 52. | T8-081 | കവിത | 6,74,591.00 | |
| 53. | T8-083 | സുരേന്ദ്രൻ ഡി. | 14,51,250.00 | |
| 54. | T8-084 | ലൂസി മൈക്കിൾ | 3,77,316.00 | |
| 55. | T8-085 | വില്മ സെൽവിൻ പെരേര | 14,72,045.00 | |
| 56. | T8-086 | മോഹനൻ ഡി. | 15,89,417.00 | |
| 57. | T8-087 | ഡോറത്തി | 2,98,967.00 | |
| 58. | T8-088 | സെലിൻ ഐസക് | 26,68,390.00 | Owner Dispute |
| 59. | T8-089 | മേബൽ | 13,67,905.00 | |
| 60. | T8-090 | യേശുദാസൻ | 16,46,483.00 | |
| 61. | T8-095 | സുബൈദ ബീവി | 4,27,372.00 | |
| 62. | T8-098 | താഹിറ | 12,59,778.00 | |
| 63. | T8-116 | സുലൈഖ | 1,40,180.00 | |
| 64. | T8-117 | അൻവർ | 14,96,472.00 | Owner Dispute |
| 65. | T8-119 | മിനി ജി. | 4,96,473.00 | |
| 66. | T8-120 | അംബിക | 4,80,428.00 | |
| 67. | T8-121 | ഡേവിഡ് | 7,74,251.00 | |
| 68. | T8-122 | ബൈക്കസ് | 12,21,289.00 | |

| | | | | |
|---|---|---|---|---|
| 69. | T8-124 | ഐെറിൻ സാബു | 91,046.00 | Owner Dispute |
| 70. | T8-124 (1) | റീറ്റ | 14,16,049.00 | Owner Dispute |
| 71. | T8-125 | രത്നമ്മ | 9,55,103.00 | |
| 72. | T8-126 | മേരി അഞ്ചോലോസ് ജോൺ | 9,40,341.00 | |
| 73. | T8-127 | ത്രേസ്യ | 13,13,720.00 | |
| 74. | T8-128 | ലിജി | 7,02,706.00 | |
| 75. | T8-129 | ജെസ്സി സെബാസ്റ്റ്യൻ | 20,95,015.00 | |
| 76. | T8-130 | മറിയാമ്മ | 7,28,022.00 | |
| 77. | T8-131 | സ്റ്റെല്ല | 8,52,037.00 | |
| 78. | T8-132 | വിജി എം. | 10,52,348.00 | |
| 79. | T8-134 | സുശീല | 6,23,650.00 | |
| 80. | T8-139 | ശൈലജ | 2,40,612.00 | |
| 81. | T8-141 | വിജയൻ | 7,48,258.00 | |
| 82. | T8-150 | നിഷാദ് | 7,64,765.00 | |
| 83. | T8-152 | ആബിദ ബീവി | 1,34,050.00 | |
| 84. | T8-156 | നദീറ | 1,89,144.00 | |
| 85. | T8-161 | ഷീജ എൻ. | 3,03,763.00 | |
| 86. | T8-170 | ഷെറിൻ കുലാസ് | 15,71,567.00 | Owner Dispute |
| 87. | T8-171 | ജെസീ | 7,91,635.00 | |
| 88. | T8-172 | ബിജു ആന്റണി | 10,16,837.00 | |
| 89. | T8-174 | ജെയിനമ്മ | 10,05,719.00 | |
| 90. | T8-175 | മേരി ഹെലൻ | 22,02,882.00 | |
| 91. | T8-177 | മെറ്റിൽഡ | 11,17,016.00 | |
| 92. | T8-178 | ജോൺ അന്ന എസ്. | 21,42,426.00 | |
| 93. | T8-179 | നിർമ്മല | 10,48,777.00 | |

| | | | | |
|---|---|---|---|---|
| 94. | T8-180 | ഡെയ്സി | 1,36,813.00 | |
| 95. | T8-181 | ജസീന്ത | 21,56,469.00 | |
| 96. | T8-182 | റൂബി എൻ. | 7,06,923.00 | |
| 97. | T8-183 | മേരി | 13,53,055.00 | |
| 98. | T8-184 | അമ്പിളി സ്റ്റീഫൻ | 17,08,314.00 | |
| 99. | T8-185 | ശാലിനി സ്റ്റീഫൻ | 9,13,886.00 | |
| 100. | T8-186 | ജാനറ്റ് ക്ലീറ്റസ് | 3,13,409.00 | |
| 101. | T8-187 | ഡയാന മൈക്കിൾ ഫെർണാണ്ടസ് | 12,33,314.00 | |
| 102. | T8-188 | ജെസ്സി ഗോമസ് | 8,14,968.00 | |
| 103. | T8-189 | ആനീ ലാസർ | 10,50,973.00 | |
| 104. | T8-191 | ജോസഫ് ലോപ്പസ് | 13,88,927.00 | |
| 105. | T8-192 | തോമസ്യ | 4,86,513.00 | |
| 106. | T8-193 | ജോണി ആന്റണി | 11,02,705.00 | |
| 107. | T8-193 (1) | മാർഗ്രറ്റ് | 6,21,579.00 | |
| 108. | T8-196 | ജിജോ പദ്മനാഭൻ | 14,65,379.00 | |
| 109. | T8-197 | ജെ. സ്റ്റെല്ലസ് | 4,43,802.00 | Owner Dispute |
| 110. | T8-199 | ജോൺ ഫെർണാണ്ടസ് (LATE) | 3,58,042.00 | Owner Dispute |
| 111. | T8-201 | ലീല സി. | 3,33,367.00 | |
| 112. | T8-202 | തങ്കമണി | 6,78,986.00 | |
| **Grand Total** | | | **9,16,52,406.00** | |

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-08-2024

ഫയൽ നം. എ2/196/2023/സി.എസ്.ഐ.എൻ.ഡി. ഇനം നം: 2346

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി പുനരധിവസിപ്പിക്കേണ്ടി വരുന്ന കഠിനംകുളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ 112 കെട്ടിടങ്ങളുടെ ആകെ അംഗീകൃത മൂല്യ നിർണ്ണയ തുകയായ 9,16,52,406/- (ഒൻപത് കോടി പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നാനൂറ്റി ആറ് രൂപ) രൂപയ്ക്ക് അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

US (CSIND)
22/8/24
S.S.

**കേരള സർക്കാർ**

***[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]***

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

2346

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/196/2023/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | : | വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി പുനരധിവസിപ്പിക്കേണ്ടി വരുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 112 കെട്ടിടങ്ങളുടെ ആകെ അംഗീകൃത മൂല്യ നിർണ്ണയതുകയായ 9,16,52,406/- (ഒൻപത് കോടി പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നാനൂറ്റി ആറ്) രൂപയ്ക്ക് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/03/2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്, ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ ജെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അശോക് കുമാർ സിംഗ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.07.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. വേണു വി. |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.08.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.08.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.08.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിനുവേണ്ടി പുനരധിവസിപ്പിക്കേണ്ടി വരുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ 112 കെട്ടിടങ്ങളുടെ ആകെ അംഗീകൃത മൂല്യ നിർണ്ണയതുകയായ 9,16,52,406/-(ഒൻപത് കോടി പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നാനൂറ്റി ആറ്) രൂപയ്ക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കിഫ്ബി ധനസഹായത്തോടെ "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ്" -ന് സ.ഉ(സാധാ) നം. 23/2022/സി.എസ്.ഐ.എൻ.ഡി, തീയതി 24/11/2022 പ്രകാരം അംഗീകാരം നൽകിയിരുന്നു. പുനരധിവാസത്തിന് അർഹത നേടുന്ന കുടുംബങ്ങൾക്ക് **11 ലക്ഷം രൂപ (10 ലക്ഷം രൂപ +വാടകയിനത്തിൽ 1 ലക്ഷം രൂപ)** നല്കുന്നതിന് പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്നു. കൂടാതെ പാക്കേജിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ കടകൾക്കും കെട്ടിടങ്ങൾക്കുമുള്ള നഷ്ടപരിഹാരം സംബന്ധിച്ച് ജലപാതാ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) തിരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസി മുഖേന മൂല്യനിർണ്ണയം നടത്തുന്നതിനും കെട്ടിടങ്ങളുടെ മൂല്യശോഷണം കണക്കിലെടുക്കാതെയുള്ള നഷ്ടപരിഹാരം നൽകുന്നതിനും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം NHAI-യുടെ അംഗീകൃത ഏജൻസിയായ M/s. Samara Constructions & Developers, Cochin എന്ന സ്ഥാപനം മുഖേന ക്വിൽ-ന്റെ മേൽനോട്ടത്തിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 112 കുടുംബങ്ങളുടെ കെട്ടിടങ്ങളുടെ വാല്യുവേഷൻ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും.

വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം 112 വീട്ടുകളുടെ ആകെ അംഗീകൃത മൂല്യ നിർണ്ണയതുക 9,16,52,406/- രൂപ(ഒൻപത് കോടി പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നാനൂറ്റി ആറ് രൂപ) കിൽ ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ടെന്നും 112 കുടുംബങ്ങളുടെ കെട്ടിടങ്ങളുടെ വാല്യുവേഷൻ തുകയായ 9,16,52,406/- രൂപയ്ക്ക് സർക്കാർ അംഗീകാരം നൽകണമെന്നും 7/12/2023- ലെ കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ, കിൽ അഭ്യർത്ഥിച്ചിരുന്നു. ഓരോ കുടുംബത്തിന്റെയും മൂല്യനിർണ്ണയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

3) ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാകളക്ടറുടെ റിപ്പോർട്ട് ആരാഞ്ഞപ്പോൾ വാല്യുവേഷൻ നടപടികൾ പരിശോധിക്കുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധർ കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമല്ലെന്ന് കളക്ടർ അറിയിച്ചിട്ടുണ്ട്.

4) കിഫ്ബി ധനസഹായ പദ്ധതി ആയതിനാൽ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി :

> " 112 വീട്ടുകളുടെ ആകെ അംഗീകൃത മൂല്യ നിർണ്ണയതുകയായ 9,16,52,406/- രൂപ പരിശോധനക്ക് വിധേയമാക്കി, KWIL സാക്ഷ്യപ്പെടുത്തിയതിന് ആധാരമായി, ഭരണാനുമതി നൽകാമെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. "

5) വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് പൊളിക്കേണ്ടിവരുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിലെ കനാൽ പുറമ്പോക്കിലുള്ള 112 വീട്ടുകളുടെ ആകെ അംഗീകൃത മൂല്യ നിർണ്ണയതുകയായ 9,16,52,406/- രൂപയ്ക്ക് (ഒൻപത് കോടി പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നാനൂറ്റി ആറ് രൂപ) അംഗീകാരം നല്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

6) അതിൻപ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"24.11.2022 ലെ സ.ഉ.(സാധാ) 23/2022/സി.എസ്.ഐ.എൻ.ഡി. ഉത്തരവ് പ്രകാരം കോവളം മുതൽ വർക്കല വരെയുള്ള കുടുംബങ്ങളുടെ പുനരധിവാസത്തിനായി തയ്യാറാക്കിയിട്ടുള്ള വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് അനുസരിച്ച് കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക്, വാടകവീടിന്റെ കരാർ ഉടമ്പടി ഹാജരാക്കുന്ന മുറയ്ക്ക് 1,00,000/- രൂപ ആദ്യ ഗഡുവായും, സ്ഥലത്തിന്മേലുള്ള എല്ലാ അവകാശങ്ങളും ഒഴിഞ്ഞുകൊണ്ട് മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പുവയ്ക്കുന്ന മുറയ്ക്ക് 10,00,000/- രൂപ രണ്ടാം ഗഡുവായും, നിലവിലുള്ള കെട്ടിടങ്ങളുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുള്ള തുക മൂന്നാംഗഡുവായും അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനായി 247.2 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനുള്ള അനുമതി തത്വത്തിൽ നൽകിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി അനുവദിക്കേണ്ട ഗഡുക്കൾ ഇതിനകം അനുവദിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്തി സമർപ്പിക്കുക."

7) വർക്കല, കഠിനംകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി പാക്കേജ് അനുവദിച്ചതിന്റെ വിശദാംശങ്ങൾ സഹിതം കരട് കുറിപ്പ് വീണ്ടും സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"കഠിനംകുളം പഞ്ചായത്തിൽ 194 കുടുംബങ്ങളെയാണ് പാക്കേജിനായി പരിഗണിച്ചിരുന്നത്. അതിൽ 150 ഗുണഭോക്താക്കൾക്ക് പാക്കേജ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. 17 എണ്ണം സർക്കാർ പരിഗണനയിലുള്ളതും, 18 എണ്ണം രേഖകൾ കൈമാറാത്തതിനാൽ സമിതിക്ക് സമർപ്പിക്കാത്തതും, 6 എണ്ണം സമിതിയുടെ തീരുമാനത്തിന് സമർപ്പിച്ചിട്ടുള്ളതും, 3 എണ്ണം പാക്കേജ് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. 194 ൽ 185 കുടുംബങ്ങൾ മൂല്യനിർണ്ണയത്തിനുള്ള സർവ്വെയുമായി സഹകരിക്കുകയും അവയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുള്ളതായും കാണുന്നു. എന്നാൽ പാക്കേജ് അനുവദിച്ച് ഉത്തരവായിട്ടുള്ളത് 150 കുടുംബങ്ങൾക്ക് മാത്രമാണ്. അതിൽ 73 കുടുംബങ്ങൾക്കുള്ള മൂല്യനിർണ്ണയ തുക സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ഇനി 77 കുടുംബങ്ങൾക്ക് മാത്രമാണ് മൂല്യനിർണ്ണയ തുക അനുവദിക്കേണ്ടത്. അതല്ലെങ്കിൽ 35 കുടുംബങ്ങളെക്കൂടി പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചശേഷം 112 കുടുംബങ്ങളുടെ മൂല്യനിർണ്ണയതുക അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം

സമർപ്പിക്കുന്നതാണ് ഉചിതം. ഇക്കാര്യത്തിൽ വ്യക്തത വരുത്തി കരട് കുറിപ്പുകൾ അതിനനുസൃതമായി ഭേദഗതി വരുത്തി സമർപ്പിക്കുക."

8) പാക്കേജ് പ്രകാരം ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് കിൽ ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം പുനരധിവാസത്തിനായുള്ള ഒന്നും രണ്ടും ഘട്ട തുക ( വാടക 1 ലക്ഷം രൂപ + 10 ലക്ഷം രൂപ ) യ്ക്ക് അർഹരായവരുടെ വിശദാംശങ്ങൾ**

| നം | വിശദാംശങ്ങൾ | വർക്കല | കഠിനംകുളം | തിരുവനന്തപുരം |
|---|---|---|---|---|
| 1 | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ ആകെ എണ്ണം | 369 | 194 | 464 |
| 2 | 11 ലക്ഷം രൂപയുടെ പാക്കേജ് അനുവദിച്ച് ഉത്തരവായത് | 339 | 175 | 287 |
| 3 | 11 ലക്ഷം രൂപയുടെ പാക്കേജ് തുക കൈമാറിയത് | 315 | 111 | 12 |
| 4. | 11 ലക്ഷം രൂപയുടെ പാക്കേജ് തുക ഇനി കൈമാറാനുള്ളവർ | 24<br>വാടക വീട് ലഭ്യമാകുന്നതിനുള്ള കാലതാമസം മൂലം പാക്കേജ് തുക അനുവദിക്കുന്നതിൽ താമസം നേരിടുന്നുണ്ട്. | 56<br>വാടക വീട് ലഭ്യമാകുന്നതിനുള്ള കാലതാമസം, കിഫ്ബി ഫണ്ട് ലഭ്യമാകാനുള്ള താമസം എന്നി മൂലം പാക്കേജ് തുക കൈമാറാൻ താമസം നേരിടുന്നുണ്ട്. | 275<br>വാടക വീട് ലഭ്യമാകുന്നതിനുള്ള കാലതാമസം, 272 കുടുംബങ്ങളുടെ പാക്കേജ് തുകയ്ക്ക് കിഫ്ബിഫണ്ട് ലഭ്യമാകാനുള്ള താമസം എന്നിവ മൂലം പാക്കേജ് തുക കൈമാറാൻ താമസം നേരിടുന്നുണ്ട്. |
| 5 | പാക്കേജിനുള്ള അർഹത പരിശോധനയ്ക്കായി പ്രാദേശികാനുമതി കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുള്ള കുടുംബങ്ങൾ | 20 | 16 | 101 |

## കെട്ടിടങ്ങളുടെ മൂല്യനിർണ്ണയതുക നല്കേണ്ടി വരുന്നവരുടെ വിശദാംശങ്ങൾ

| നം | വിശദാംശങ്ങൾ | വർക്കല | കഠിനംകുളം | തിരുവനന്തപുരം |
|---|---|---|---|---|
| 1 | ആകെ കെട്ടിടങ്ങളുടെ എണ്ണം | 366 | 193 | 435 |
| 2 | വാല്യുവേഷൻ പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ എണ്ണം | 356 | 185 | 405 |
| 3 | വാല്യുവേഷൻ പൂർത്തിയാക്കാത്ത കെട്ടിടങ്ങളുടെ എണ്ണം | 10 | 8 | 30 |
| 4 | മൂല്യനിർണ്ണയ തുക അനുവദിച്ച് ഉത്തരവായത് | 356 | 73 | 0 |
| 5 | മൂല്യനിർണ്ണയ തുക കൈമാറിയത് | 276 | 67 | - |
| 6 | മൂല്യനിർണ്ണയതുക ഇനി കൈമാറാനുള്ളത് | 80<br><br>വാടക വീട് ലഭ്യമാകുന്നതിനുള്ള കാലതാമസം, ഓഫീസിൽ ഹാജരായി അക്വിറ്റൻസ് റസീപ്റ്റ് ഒപ്പവയ്ക്കുന്നതിനുള്ള ചില കുടുംബങ്ങളുടെ വിസമ്മതം എന്നിവ മൂലം കാലതാമസം നേരിടുന്നുണ്ട്. | 6<br><br>വാടക വീട് ലഭ്യമാകുന്നതിനുള്ള കാലതാമസം മൂലം തുക അനുവദിക്കുന്നതിൽ താമസം നേരിടുന്നുണ്ട് | - |
| 7 | മൂല്യനിർണ്ണയ തുക അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | - | 112<br><br>(പ്രസ്തുത 112 എണ്ണത്തിൽ പാക്കേജ് പ്രകാരമുള്ള 11 ലക്ഷം രൂപ അനുവദിച്ച 94 കുടുംബങ്ങൾ ഉൾപ്പെടുന്നുണ്ട്.) | 160<br>എ 2/112/2024/സി.എസ്. ഐ.എൻ.ഡി ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |

9) കഠിനംകുളം ഭാഗത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 194 കുടുംബങ്ങളിൽ 11 ലക്ഷം രൂപയുടെ പുനരധിവാസ പാക്കേജിന് അർഹതയുള്ളവരായി 175 കുടുംബങ്ങൾക്ക് അംഗീകാരം നല്കിയിട്ടുള്ളതും 16 കുടുംബങ്ങളുടെ അർഹത പരിശോധന പ്രാദേശിക സമിതിയുടെ പരിഗണനയിലും മറ്റ് പാർപ്പിട സൗകര്യങ്ങൾ ഉള്ളതിനാൽ 3 കുടുംബങ്ങളെ പാക്കേജ് പ്രകാരമുള്ള പുനരധിവാസ തുക (11 ലക്ഷം രൂപ) നല്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. കഠിനംകുളം ഭാഗത്ത് ആകെ 194 കെട്ടിടങ്ങളുള്ളതിൽ ഒരു കുടിൽ പൂർണ്ണമായും തകർന്നതായതിനാൽ 193 കെട്ടിടങ്ങളാണ് മൂല്യനിർണ്ണയത്തിന് പരിഗണിച്ചിട്ടുള്ളത്. 185 എണ്ണത്തിന്റെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുള്ളതും അതിൽ 73 എണ്ണത്തിന്റെ മൂല്യനിർണ്ണയ തുകയ്ക്ക് അംഗീകാരം നല്കിയിട്ടുള്ളതുമാണ്. ബാക്കി 8 കുടുംബങ്ങൾ മൂല്യനിർണ്ണയ സർവ്വേയുമായി സഹകരിക്കാത്തതിനാൽ ടി കുടുംബങ്ങളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ല.

## തീരുമാനിക്കേണ്ട വിഷയം

വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിനുവേണ്ടി പുനരധിവസിപ്പിക്കേണ്ടി വരുന്ന കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ 112 കെട്ടിടങ്ങളുടെ അനുബന്ധമായി സമർപ്പിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള ആകെ അംഗീകൃത മൂല്യ നിർണ്ണയതുകയായ 9,16,52,406/- (ഒൻപത് കോടി പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നാനൂറ്റി ആറ്) രൂപയ്ക്ക് അംഗീകാരം നൽകാമോ?